# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 474 | 12.06.2012-ൽ മറുപടിക്ക്

**സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) റിസർവ് ബാങ്കിന്റെ നയങ്ങളോ നടപടികളോ കേരളത്തിലെ സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) ഉണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളായ സർവ്വീസ് ബാങ്കുകളെയും/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകളെയും 'ബാങ്ക്' എന്ന നിർവ്വചനത്തിൽപ്പെടുത്താനാവില്ലെന്നും തൻമൂലം അവർ സ്വീകരിക്കുന്ന 50,000/- രൂപയ്ക്ക് മുകളിലുള്ള ചെക്കുകളും, ഡ്രാഫ്റ്റുകളും ക്ലിയറിംഗ് ഹൗസ് മുഖേന മാറ്റി നൽകുവാൻ പാടില്ലെന്നുള്ള റിസർവ്വ് ബാങ്ക് നിർദ്ദേശം സഹകരണ മേഖലയ്ക്ക് സഹായകരമല്ല. സഹകരണ മേഖലയ്ക്ക് സഹായകരമല്ലാത്ത ടി നിലപാടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br>റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മോണിറ്ററി പോളിസി സ്റ്റേറ്റ്മെന്റ് 2012-2013 ൽ ഇന്ത്യയിലെ ഗ്രാമീണ സഹകരണ വായ്പാമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ത്രിതല വായ്പാ സംവിധാനം ദ്വിതല സംവിധാനം ആക്കുന്നതിനെ സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിന് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. ത്രിതല സംവിധാനം ശക്തമായ സംസ്ഥാനത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനത്തെ ഇത്തരം തീരുമാനങ്ങൾ ദുർബലപ്പെടുത്തുന്നതാണ് എന്ന് കാണുന്നു. |
| ബി) പ്രാഥമിക സഹകരണ ബാങ്കുകളെ സമഗ്രമായി പരിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) കേരളത്തിലെ ഹ്രസ്വകാല, മധ്യകാല, ദീർഘകാല രംഗത്ത് പ്രവർത്തിക്കുന്ന വായ്പാ സ്ഥാപനങ്ങളുടെ സമഗ്രവും സന്തുലിതവുമായ വളർച്ച ലക്ഷ്യമിട്ട് അവയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) നഷ്ടത്തിലായ പ്രാഥമിക സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ? | സി) നഷ്ടത്തിലായ പ്രാഥമിക സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ സഹായമായി സാമ്പത്തിക സഹായം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി, ഷെയർ, ലോൺ എന്നീ തലത്തിലാണ് ധനസഹായം അനുവദിക്കുന്നത്. ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനായി നിലവിൽ പദ്ധതിയുണ്ട്. ടി പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി ധനസഹായം നൽകി വരുന്നു. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ ഓഹരി മൂലധനം അനുവദിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.<br><br>2011-2012 വർഷത്തിൽ പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്ക് ഓഹരി, ലോൺ, സബ്സിഡി ഇനങ്ങളിലായി 346.755 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്ക് 2011-2012 വർഷത്തിൽ സാമ്പത്തിക സഹായമായി 100 ലക്ഷം രൂപയും പ്രവർത്തന രഹിതമായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 50 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾക്കായി ഒരു ലക്ഷം രൂപ ഷെയർ അനുവദിക്കുന്ന പദ്ധതി പ്രകാരം 182 സംഘങ്ങൾക്കായി 177.07 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ